# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1367/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1367/21 തീയ്യതി: 13/12/2021

## കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 27-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2021 | 27-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സിന്ധു. ടി. പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ഷഹീൻ. പി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ധന്യ. എം. വി. , ഓഡിറ്റർ
പ്രമോദ്. കെ. , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .സത്യഭാമ. കെ | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| ശ്രീ.രാമചന്ദ്രൻ.ടി.ആർ. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.രമണി.കെ | സെക്രട്ടറി | 01-04-2020 | 16-07-2020 |
| ശ്രീ സുമേഷ് എം വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-07-2020 | 28-07-2020 |
| ശ്രീ മോഹനൻ കെ | സെക്രട്ടറി | 29-07-2020 | 23-12-2020 |
| ശ്രീമതി രമണി കെ | സെക്രട്ടറി | 28-12-2020 | 04-03-2021 |
| ശ്രീ പവിത്രൻ എം വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 19-03-2021 |
| ശ്രീ.വേണുഗോപാലൻ.എ).കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-12-2020 | 27-12-2020 |
| ശ്രീമതി.രമണി.കെ. | സെക്രട്ടറി | 22-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുമേഷ് എം വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീമതി പ്രേമ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 07-08-2020 | 07-08-2020 |
| ശ്രീമതി രമാദേവി ഇ ബി | അസിസ്റ്റന്റ് സെക്രട്ടറി | 08-08-2020 | 11-09-2020 |
| ശ്രീ വേണുഗോപാലൻ എ) കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-09-2020 | 31-03-2021 |
| ശ്രീ ശ്രീകുമാർ എം വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി രസന കെ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജീന കൃഷ്ണൻ | വി ഇ ഒ , വെള്ളോറ സർക്കിൾ | 01-04-2020 | 03-09-2020 |
| ശ്രീ അനീഷ് കുമാർ ടി | വി ഇ ഒ , വെള്ളോറ സർക്കിൾ | 04-09-2020 | 16-09-2020 |
| ശ്രീ രഘുനാഥൻ പി | വി ഇ ഒ , വെള്ളോറ സർക്കിൾ | 17-09-2020 | 29-09-2020 |
| ശ്രീ അനീഷ് കുമാർ ടി | വി ഇ ഒ , വെള്ളോറ | 30-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീ അനീഷ് കുമാർ ടി | വി ഇ ഒ , മാതമംഗലം സർക്കിൾ | 01-04-2020 | 30-09-2020 |
| ശ്രീമതി സൗമ്യ എസ് നായർ | വി ഇ ഒ , മാതമംഗലം സർക്കിൾ | 01-10-2020 | 31-03-2021 |
| ഡോ. ലേഖ. എ. | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 01-04-2020 | 31-03-2021 |
| ഡോ.റീം.പി .എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 04-02-2021 |
| ഡോ.വിവേക്.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-02-2021 | 31-03-2021 |
| ഡോ.ദീപ്തി.ഡി.സി | മെഡിക്കൽ ഓഫീസർ(ആയുർവേദ) | 01-04-2020 | 10-03-2021 |
| ഡോ.ബേബി സുഭദ്ര.കെ. | മെഡിക്കൽ ഓഫീസർ(ആയുർവേദ) | 11-03-2021 | 31-03-2021 |
| ശ്രീമതി.രജനി.എം.വി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുജാത.പി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രീതി.പി | ഡെയറി ഫാം ഇൻസ്ടക്രടർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി നാരായണൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രിയൻ അലക്സ് റിബല്ലോ | വെറ്റിനറി സർജൻ | 01-04-2020 | 26-06-2020 |
| ഡോ. അപർണ്ണ വി | വെറ്റിനറി സർജൻ | 03-07-2020 | 06-09-2020 |
| ഡോ അർജുൻ കെ സി | വെറ്റിനറി സർജൻ | 12-10-2020 | 31-03-2021 |

1. 10.11.2020 മുതൽ 19.12.2020 വരെ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണനിർവ്വഹണ സമിതി. 20.12.2020 ന് പുതിയ ഭരണസമിതി നിലവിൽ വന്നു. 2. സെക്രട്ടറി - 05.03.2021 മുതൽ 09.03.2021 വരെ കോവിഡ് വ്യാപനത്തെ തുടർന്ന് പഞ്ചായത്ത് അടച്ചിട്ടു. ആർക്കും ചാർജ്ജ് നല്കിയിട്ടില്ല. , 20.03.2021 മുതൽ 21.03.2021 വരെ ഒഴിവ്. 3. വെറ്റിനറി സർജൻ 27.06.2020 മുതൽ 02.07.20 വരെയും 07.09.20 മുതൽ 11.10.20 വരെയും ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 23-11-2021)<br>Last Updated By: Sindhu T P (Audit Officer, On 23-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-6 |
| 8 | ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-6-1 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- നിർവ്വഹണ ഘട്ടത്തിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: Sindhu T P (Audit Officer, On 09-12-2021) | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-7 |
| 11 | വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ കാലതാമസം- സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിക്കുന്നു<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-7-1 |
| 12 | വിധവാ പെൻഷൻ - പെൻഷണറുടെ മരണ ശേഷം അക്കൗണ്ടിലേക്ക് നല്കിയത്<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-7-2 |
| 13 | കർഷക തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തത്<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-7-3 |
| 14 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| | Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | |
| 16 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-10 |
| 17 | ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലന പ്രവർത്തനങ്ങൾ തൃപ്തികരമല്ല<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-11 |
| 18 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: Sindhu T P (Audit Officer, On 28-11-2021) | 1-12 |
| 19 | 'ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കാത്തതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: Sindhu T P (Audit Officer, On 29-11-2021) | 1-13 |
| 20 | വസ്തു നികുതി, ക്രമവൽക്കരണം -കാലതാമസം വരുത്തുന്നത്- വരവു നഷ്ടത്തിന് സാധ്യത<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: Sindhu T P (Audit Officer, On 28-11-2021) | 1-14 |
| 21 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Pramod K (Auditor, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-15 |
| 22 | വൈകി സമർപ്പിക്കുന്ന ജമ മാറ്റത്തിനുള്ള അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.<br>Written By: Pramod K (Auditor, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-16 |
| 23 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ-രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-17 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Dhanya.M.V (Auditor, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-18 |
| 25 | കുളത്തിലെ കരിമീൻ കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-36292രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-19 |
| 26 | ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-20 |
| 27 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ-8376 രൂപയുടെ മരുന്നുകൾ ലഭ്യമല്ല<br>Written By: Dhanya.M.V (Auditor, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-21 |
| 28 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 1-22 |
| 29 | കാര്യപ്പള്ളി ചെനയമാവ് റോഡ് ടാറിംഗ് - റിടെൻഷൻ തുക | 1-23 |

| | | |
|---|---|---|
| | ക്രമീകരിച്ചിട്ടില്ല-ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ അധിക ചെലവ് വന്ന ₹8848 കൺസോളിഡേറ്റഡ് ഫണ്ടിൽ തിരച്ചടക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | |
| 30 | തോക്കാട് എടോളി റോഡ് ടാറിംഗ്-റീടെൻഷൻ തുക ക്രമീകരിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്ന് അധിക ചെലവ് വന്ന ₹12785 കൺസോളിഡേറ്റഡ് ഫണ്ടിൽ തിരച്ചടക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-24 |
| 31 | കടവനാട് അംഗൻവാടി കെട്ടിട നിർമ്മാണം -സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തിയത് ₹496480 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-25 |
| 32 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ യു പി എസ് സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ₹9120യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-26 |
| 33 | ഭവന പുനരുദ്ധാരണം മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 28-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: Sindhu T P (Audit Officer, On 22-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: Sindhu T P (Audit Officer, On 22-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 29-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.03.2020 തീയതിയിലെ തീരുമാനം നമ്പർ 96 പ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ തീരുമാനം നമ്പർ 102 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,56,67,106 | 3,78,41,282 |
| വരവ് | 23,78,81,160 | 19,99,35,975 |
| ആകെ | 26,35,48,266 | 23,77,77,257 |
| ചെലവ് | 25,66,20,320 | 21,21,10,151 |
| നീക്കിയിരിപ്പ് | 69,27,946 | 2,56,67,106 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്തത്. ബജറ്റ് ചർച്ചകൾ നടത്തിയതായി പറയുന്നുണ്ടെങ്കിലും വിശദാംശങ്ങൾ മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 18.06.21 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ *07.06.21* ലെ *186/21* നമ്പർ തീരുമാനപ്രകാരമാണ് *2020-21* സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത് .

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

**1.**സംരക്ഷണ ഗ്രാന്റ് - റോഡിതരം - സുലേഖ ചെലവു പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ ഹോമിയോ മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്റ്റ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല. ആയത് ശരിയാക്കുന്നതിനായി ഐ കെ എം ൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**2.**സർവ്വീസ് ടാക്സ് പേയബിൾ എന്ന കണക്കിനത്തിൽ രേഖപ്പെടുത്തിയ (ബി-9 ഷെഡ്യൂൾ) 100277/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 224488/- രൂപയും (ബി 4 ഷെഡ്യൂൾ) ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.**ഡൊണേഷൻസ് റിലേറ്റഡ് ടു പാൻഡമിക്ക് കൺട്രോൾ എന്ന കണക്കിനത്തിൽ 76100/- രൂപ നീക്കിയിരിപ്പുള്ളതായി ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ 26100/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. 76100/- രൂപയിൽ അസിസ്റ്റന്റ് സെക്രട്ടറിക്ക് നല്കിയ 50000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാലാണ് നീക്കിയിരിപ്പിൽ ചേർത്തത് എന്നാണ് മറുപടി നല്കിയത്. പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തുകയും നീക്കിയിരിപ്പിൽ കാണിക്കാതിരിക്കുകയും ചെയ്തത് അപാകമാണ്. 22.11.21 ന് ജേണൽ ചെയ്തതായി മറുപടി നല്കിയിട്ടുണ്ട്. നോട്ട് ഓൺ അക്കൗണ്ട് അടുത്ത വർഷത്തെ ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

**4.**ടി എസ് സി ഫണ്ട് മുന്നിരിപ്പിൽ, ഒ ഡി എഫ് പദ്ധതിക്കായി ചെലവഴിച്ച തുകയായ 27,80,159/- രൂപ ശുചിത്വ മിഷനിൽ നിന്നും റീക്ലൂപ്പ് ചെയ്ത് ലഭിച്ചത് ഉൾപ്പെടുന്നു. ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാത്തതിനാൽ ഒഡിഎഫ് പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 2430405/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 817595/- രൂപയും ഉൾപ്പെടെ 32,48,000/- രൂപ ഒ ഡി എഫ് പദ്ധതിക്കായി ചെലവഴിച്ചിരുന്നു. ആയതിൽ റീക്ലൂപ്പ് ചെയ്ത് കിട്ടിയ തുക പദ്ധതി വിഹിതമായി കണക്കാക്കാതെ

ഗ്രാമപഞ്ചായത്തിന്റെ എരമം കുറ്റൂർ സർവ്വീസ് സഹകരണ ബാങ്കിലുള്ള 1518 നമ്പർ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചത് ശരിയല്ല. ഇത്തരത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് പദ്ധതി തയ്യാറാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം അനുമതി ഉണ്ടായിരുന്നുവെങ്കിലും ആയത് ചെയ്തിരുന്നില്ല. തുക (പലിശ സഹിതം) തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5.**സംയുക്ത പദ്ധതികൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കാത്തത് അപാകമാണ്.

**6.** മുൻ വർഷത്തെ ബി 11 ഷെഡ്യൂളിലെ തുകയും തൻവർഷത്തെ ആർ പി 38 ലെ തുകയും കൂട്ടുമ്പോൾ ഓഡിറ്റ് വർഷത്തെ ബി 11 ഷെഡ്യൂളിലെ തുക വരുന്നില്ല.

7.തൊഴിൽ നികുതി - ജീവനക്കാർ - ഡിമാന്റ് രജിസ്റ്ററിൽ തൻവർഷ ഡിമാന്റ് 1323510/- രൂപയാണ്. കുടിശിക ഡിമാന്റ് 90,935/- രൂപ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഐ 1 ഷെഡ്യൂളിൽ ഡിമാന്റായി രേഖപ്പെടുത്തിയത് 14,14,445/- രൂപയാണ് (കുടിശ്ശിക ഉൾപ്പെടെയുള്ള തുക). കുടിശ്ശിക ഉൾപ്പെടെയുള്ള തുക തൻവർഷ ഡിമാന്റായി രേഖപ്പെടുത്തിയത് ശരിയല്ല.

**8.**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രികയിലെ ഐ 6, ഐ 14(എ) ഷെഡ്യൂളുകളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പേമെന്റ് ഡ്യൂ ഉൾപ്പെടെയുള്ള തുക ചേർത്തതിനാലാണ് വ്യത്യാസം വന്നതെന്നാണ് മറുപടി നല്കിയത്.ശരിയായ കണക്കുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

**9**ദുരിതാശ്വാസ നിധി- ബി-2, ബി-17 ഷെഡ്യൂളുകളിലെ തുക പൊരുത്തപ്പെടുന്നില്ല.

**10.**ബി 4 ഷെഡ്യൂളിലെ 35,28,691/- രൂപയിൽ കുടുംബശ്രീക്ക് കൈമാറിയ 694491/- രൂപയും ഉൾപ്പെടുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് തുക നീക്കിയിരിപ്പിൽ കാണിച്ചതെന്ന വിശദീകരണം തൃപ്തികരമല്ല. തുക ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ എന്ന നിലയിലായിരുന്നു കണക്കുകൾ രേഖപ്പെടുത്തേണ്ടിയിരുന്നത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,00,11,865.09 |
| വരവ് | 8,21,69,976 |
| ആകെ | 12,21,81,841.09 |
| ചെലവ് | 9,45,98,211 |
| നീക്കിയിരിപ്പ് | 2,75,83,630.09 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം- ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | .. |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹5,41,892 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 1,97,06,052 | 1,97,06,052 | 1,82,15,252 | 14,90,800 |
| വികസനഫണ്ട്- എസ്.സി.പി | 0 | 18,23,199 | 18,23,199 | 16,75,373 | 147826 |
| വികസനഫണ്ട്- ടി.എസ്. പി | 0 | 5,71,000 | 5,71,000 | 5,63,542 | 7458 |
| മെയിന്റനൻസ് ഫണ്ട്, റോഡ് | 0 | 61,03,000 | 61,03,000 | 61,03,000 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 54,65,160 | 54,65,160 | 54,65,160 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,36,18,896 | 1,36,18,896 | 1,18,39,620 | 17,79,276 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 0 | 70,70,000 | 70,70,000 | 11,19,785 | 59,50,215 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി യവർക്കുള്ള ബോണസ് | 0 | 2,16,000 | 2,16,000 | 2,16,000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 4,73,000 | 28,35,720 | 33,08,720 | 23,06,099 | 10,02,621 |
| എം പി എൽ എ ഡി | 6,175 | 169 | 6,344 | 0 | 6,344 |
| ലൈഫ് പദ്ധതി- സംസ്ഥാന സർക്കാർ വിഹിതം | 24,20,000 | 16,80,000 | 41,00,000 | 12,65,800 | 28,34,200 |
| വിമുക്തി | 13,803 | 0 | 13,803 | 0 | 13,803 |
| കുടുംബ ശ്രീ ചലഞ്ച് ഫണ്ട് മുതലായവ | 34,000 | 1,02,000 | 1,36,000 | 20,694 | 1,15,306 |
| ടി എസ് സി | 35,36,011(*) | 3,39,500 | 38,75,511 | 6,70,376 | 32,05,135 |
| ഡബ്ല്യൂ ജി ഡി പി | 0.79 | 0 | 0.79 | 0 | 0.79 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 4,84,198 | 11,09,036 | 15,93,234 | 5,40,000 | 10,53,234 |
| പൈക്ക | 47,304 | 0 | 47,304 | 0 | 47,304 |
| നിർമ്മൽ പുരസ്കാർ | 39,229 | 0 | 39,229 | 0 | 39,229 |
| മറ്റിനം | 100 | 0 | 100 | 0 | 100 |
| കെ എസ് എഫ് ഇ – ഓൺ ലൈൻ വിദ്യാസഹായി | 0 | 5,41,408 | 5,41,408 | 3,86,720 | 1,54,688 |

(*)ഇതിൽ 27,80,159/- രൂപ ഒഡിഎഫ് പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്ത് കിട്ടിയതാണ്.

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 199 | 12,75,21,940 | 167 | 6,50,66,824 | 32 | 32 | 135 | 67.84 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് വിവരങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 40,29,800 | 37,45,800 | 92.95 |
| വെറ്ററിനറി സർജൻ | 6 | 5 | 18,63,000 | 16,25,755 | 87.27 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 8 | 7 | 28,71,000 | 18,66,708 | 65.02 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 2,50,000 | 2,48,800 | 99.52 |
| മെഡിക്കൽ ഓഫീസർ - ആയുർവേദ | 1 | 1 | 6,50,000 | 6,50,000 | 100 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 51,22,790 | 42,02,790 | 82.04 |
| വി ഇ ഒ | 24 | 17 | 5,20,33,928 | 1,17,96,787 | 22.67 |
| സെക്രട്ടറി | 28 | 21 | 92,21,877 | 42,20,600 | 45.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 86 | 4,64,70,028 | 3,23,35,476 | 69.58 |
| ഹെഡ്മാസ്റ്റർ | 6 | 5 | 18,11,272 | 14,49,309 | 80 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 7,56,245 | 7,46,912 | 98.77 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 18,00,000 | 18,00,000 | 100 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2 | 6,42,000 | 3,77,887 | 58.86 |
| ആകെ | 199 | 167 | 12,75,21,940 | 6,50,66,824 | 51.02 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,74,564.8 | 11,31,298 | 13,05,862.8 | 13,05,202 | 660.80 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,77,91,000 | 3,77,91,000 | 3,77,91,000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1,74,564.8 | 3,89,22,298 | 3,90,96,862.8 | 3,90,96,202 | 660.80 |

## 1-6-1 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന മെറ്റീരിയൽ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലേക്ക് 2020-21 സാമ്പത്തിക വർഷം 185 എണ്ണം ടെണ്ടർ ഫോറങ്ങൾ നല്കിയതായി ഗ്രാമപഞ്ചായത്തിന്റെ ബുക്ക്സ് & ഫോംസ് സ്റ്റോക്ക് രജിസ്റ്റർ – പേജ് 40 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോറങ്ങൾ നല്കിയതായാണ് രേഖപ്പെടുത്തിയതെങ്കിലും പ്രവൃത്തികളുടെ ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ ഫോറങ്ങൾ ഫോട്ടോകോപ്പികളാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്തത് ഫോട്ടോകോപ്പികളാണെങ്കിൽ ഒറിജിനൽ ഫോറങ്ങൾ എന്തു ചെയ്തു എന്ന് വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഫോറങ്ങളുടെ എണ്ണം (ഒറിജിനൽ, ഡ്യൂപ്ലിക്കേറ്റ് പ്രത്യേകമായി) എസ്റ്റിമേറ്റ്, ടെണ്ടർ ഫോറം വില, ജി എസ് ടി, വാങ്ങിയ ആളുടെ പേര്, റസീറ്റ് നമ്പർ തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ വർഷാവസാന ബാക്കിയും വരവിന്റെ സംക്ഷിപ്തവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-6-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണ ഘട്ടത്തിലെ അപാകങ്ങൾ

**1. സാധനങ്ങൾ ഒരുമിച്ച് വാങ്ങാതെ ഓരോ പ്രവൃത്തിക്കും പ്രത്യേകമായി വാങ്ങുന്നു**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സ.ഉ.(കൈ).നമ്പർ93/2012/തസ്വഭവ തീയതി 31.03.12 നമ്പർ സർക്കാർ ഉത്തരവിൽ ഓരോ ഘട്ടത്തിലും ആവശ്യമായ സാധനങ്ങളുടെ അളവ് കണക്കാക്കി ഒരുമിച്ച് ടെണ്ടർ ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങുമ്പോൾ ലഭിക്കാനിടയുള്ള കുറഞ്ഞ നിരക്ക് ലഭിക്കാതിരിക്കാനും ഇ ടെണ്ടർ നടപടിക്രമങ്ങളിലൂടെ കൂടുതൽ പേർ ടെണ്ടറിൽ പങ്കെടുക്കാതിരിക്കാനും കാരണമാകുന്നതാണ്. ഭാവിയിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**2. ടെണ്ടറിൽ പങ്കെടുക്കുന്നത് അംഗീകൃത വിതരണക്കാരല്ല**

സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള ടെണ്ടറിൽ പങ്കെടുത്തത് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ തന്നെയാണ് (ശ്രീ യു പി കമലാക്ഷൻ, ശ്രീ എൻവി ഗണേശൻ, പി മോഹനൻ, പ്രത്യുബാബു തുടങ്ങിയവർ). മെറ്റീരിയൽ വിതരണവുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ ഹാജരാക്കിയിട്ടില്ല. കരാറുകാരന്റെ ജിഎസ് ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തി മെറ്റീരിയൽ വിവരങ്ങൾ രേഖപ്പെടുത്തി നല്കുകയാണ് ചെയ്തിട്ടുള്ളത്. സാധനങ്ങളുടെ പർച്ചേസ് ബില്ലുകൾ ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതും അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**3. തെരഞ്ഞെടുക്കപ്പെട്ട വിതരണക്കാർ കരാർ ചമക്കുന്നില്ല**

പ്രിലിമിനറി എഗ്രിമെന്റായി 200/- രൂപയുടെ മുദ്രപ്പത്രം സമർപ്പിക്കുന്നതല്ലാതെ തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമക്കാത്തതും അപാകമാണ്. മുദ്രപ്പത്രം വിലയിനത്തിൽ സംസ്ഥാനസർക്കാരിന് നഷ്ടം വരാനും കരാർ ലംഘനം നടത്തുകയാണെങ്കിൽ നിയമനടപടികൾ സ്വീകരിക്കാൻ തടസം സൃഷ്ടിക്കാനും ഇത് കാരണമാകുന്നു.

**4. സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് രേഖപ്പെടുത്തുന്നില്ല**

സാധനങ്ങൾ വിതരണം ചെയ്യുന്നതായി പറയുന്നതല്ലാതെ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്തുന്നില്ല. പ്രവൃത്തി ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ വില നല്കി വരികയാണ് ചെയ്യുന്നത്.ആയത് ശരിയല്ല. സാധനങ്ങൾ സ്റ്റാക്ക് ചെയ്യുകയെന്നത് വിതരണക്കാരന്റെ ചുമതലയാണ്. അളവുകളുടെ അടിസ്ഥാനത്തിൽ മാത്രം സാധനങ്ങളുടെ വില നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.വോയിഡ്സ് കുറവ് ചെയ്യേണ്ടുന്ന സംഗതികളിൽ ആയതും ചെയ്യേണ്ടതാണ്.

**5.കാർഷിക, മൃഗസംരക്ഷണ മേഖലകളിലെ പ്രവൃത്തികൾ-അതാത് മേഖലയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതാണ്**

കാർഷിക മൃഗസംരക്ഷണ മേഖലയിലെ പ്രവൃത്തികൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതും ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മൃഗസംരക്ഷണ മേഖലയിൽ ആനുകൂല്യങ്ങൾ നല്കുമ്പോൾ , പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള വരുമാന പരിധിയായ 5 ലക്ഷം രൂപ അതിലംഘിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

6. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ആവശ്യമായ ആനുകൂല്യങ്ങളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവൃത്തികൾ ചെയ്യേണ്ടതുമാണ്. അളവു പുസ്തകത്തിൽ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നത് പദ്ധതി നിർവ്വഹണം സുതാര്യമാക്കാൻ സഹായിക്കുന്നതാണ്.

**7. ജി.എസ്.ടി**

സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാരുടെ ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈൻ പേമെന്റ് പോർട്ടലിൽ രേഖപ്പെടുത്തുകയോ 2% ജി.എസ്.ടി. സ്രോതസ്സിൽ കുറവു ചെയ്യുകയോ ചെയ്യുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 1,42,95,400 | 951 |
| വിധവാപെൻഷൻ | 1,70,14,700 | 1136 |
| വാർദ്ധക്യകാല പെൻഷൻ | 3,41,37,900 | 2486 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 50,89,100 | 330 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,98,100 | 55 |

## 1-7-1 വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ കാലതാമസം- സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിക്കുന്നു

ഡെത്ത് രജിസ്റ്ററിൽ ലഭ്യമായ ആധാർ നമ്പറുകൾ ഉപയോഗിച്ച് സേവന പെൻഷൻ സെർച്ച് മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന വാർധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മുഴുവൻ അപേക്ഷകളോടൊപ്പവും ആധാർ നമ്പർ ഇല്ലാത്തതിനാൽ പൂർണ്ണമായ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം. | പേര്, പെൻഷൻ തരം | ആധാർ നമ്പർ | പെൻഷനർ ഐ ഡി | മരണ ത്തീയതി | രജിസ്ട്രേഷൻ നം. | പെൻഷൻ വിതരണം നടത്തിയതിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | കെ വി ജാനകി | 652158835482 | 111050200741 | 05.02.20 | 20/20 തീയതി 22.02.20 | 4/2020 വരെ |
| 2 | ജാനകി വി വി | 819166489025 | 111050201565 | 03.03.20 | 31/20 തീയതി 23.03.20 | 11/20 വരെ |
| 3 | ബാലകൃഷ്ണൻ.എം.ടി | 876230451306 | 111050201507 | 18.03.20 | 33/20 തീയതി 25.03.20 | 4/20 വരെ |
| 4 | ടി കെ ഭാർഗവി | 828701657155 | 111050201421 | 27.05.20 | 58/20 തീയതി 14.06.20 | 11/20 വരെ |
| 5 | അബ്ദുൾ കരീം | 601893237258 | 111050200896 | 13.04.20 | 59/20 തീയതി 19.06.20 | 11/20 വരെ |
| | | | | | 62/20 | |

| | | | | | | |
|---|---|---|---|---|---|---|
| 6 | കെ പി കല്ല്യാണി | 643165463850 | 111050201697 | 10.06.20 | തീയതി 24.06.20 | 11/20 വരെ |
| 7 | ഖദീജ കെ | 239337416613 | 111050201325 | 10.06.20 | 69/20 തീയതി 27.07.20 | 11/20 വരെ |
| 8 | കുഞ്ഞിമുഹമ്മദ് | 868399768244 | 111050201546 | 18.07.20 | 75/20 തീയതി 06.08.20 | 11/20 വരെ |
| 9 | രാമൻ ഇ വി | 525987862388 | 111050201550 | 21.07.20 | 90/20 തീയതി 8.09.20 | 11/20 വരെ |
| 10 | കലേക്കാട്ടിൽ ത്രേസ്യാമ്മ | 320251496016 | 111050201844 | 24.08.20 | 95/20 തീയതി 22.09.20 | 11/20 വരെ |
| 11 | ടി കെ ചെറിയ കൃഷ്ണൻ | 249402590830 | 111050201888 | 07.09.20 | 102/20 തീയതി 1.10.20 | 11/20 വരെ |
| 12 | മുഹമ്മദ് കുഞ്ഞി മാടാളൻ | 426719003410 | 111050200566 | 7.10.20 | 112/20 തീയതി 23.10.20 | 11/20 വരെ |
| 13 | അബ്ദുള്ള എൻ | 417515462450 | 111050202198 | 16.10.20 | 126/20 തീയതി 13.11.20 | 11/20 വരെ |
| 14 | നാരായണൻ എം | 262017741546 | 111050202321 | 24.10.20 | 129/20 തീയതി 13.11.20 | 5/21 വരെ |
| 15 | മറിയക്കുട്ടി | 885984017174 | 111050200972 | 13.12.20 | 1/21 തീയതി 07.01.21 | 1/21 വരെ |
| 16 | കുഞ്ഞിക്കണ്ണൻ പി വി ടി | 567269446691 | 111050202470 | 09.03.21 | 27/21 തീയതി 22.03.21 | 4/21 |
| 17 | കുഞ്ഞികൃഷ്ണൻ. പി. കെ | 536243824338 | 111050201939 | 23.02.21 | 34/21 തീയതി 31.03.21 | 4/21 |

അനർഹമായി കൈമാറിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (സർക്കുലർ നമ്പർ 7/2020 / ധന തീയതി 23.01.2020).

ഗുണഭോക്താക്കളുടെ അവകാശികൾക്കും ബാങ്കുകൾക്കും തുക തിരിച്ചടക്കുന്നതിനായി നോട്ടീസ് നല്കിയിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/21.11.21 ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ നിരീക്ഷിക്കേണ്ടതും അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

അംഗൻവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് മരണപ്പെടുന്നതും അർഹത നഷ്ടപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-7-2 വിധവാ പെൻഷൻ - പെൻഷണറുടെ മരണ ശേഷം അക്കൗണ്ടിലേക്ക് നല്കിയത്

താഴെ പറയുന്ന വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും ആധാർ നമ്പർ ലഭ്യമായതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് പരിശോധിച്ചത്. വിശദമായ അന്വേഷണം നടത്തി അനർഹമായി കൈപ്പറ്റിയ മുഴുവൻ തുകയും തിരിച്ചടക്കേണ്ടതും അർഹത നഷ്ടപ്പെടുന്നവരുടെ വിവരങ്ങൾ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

| ക്രമ | പേര്, പെൻ | ആധാർ നമ്പർ | പെൻ ഷനർ | മരണ | രജിസ്ട്രേ ഷൻ | പെൻ ഷൻ | റിമാർക്സ് |
|---|---|---|---|---|---|---|---|

| നം. | ഷൻ തരം | | ഐ ഡി | ത്തീയതി | നം. | വിത രണം | |
|---|---|---|---|---|---|---|---|
| 1 | മേരിക്കുട്ടി ജോസ് വിധവാ പെൻഷൻ | 815901128507 | 111050601028 | 15.02.20 | 25/20 തീയതി 05.03.20 | 11/20 വരെ | |
| 2 | പോതീര വളപ്പിൽ യശോദ WP,പെരിങ്ങോം വയക്കര | 633217253518 | 111060600126 | 15.11.20 | 141/20 തീയതി 9.12.20 | 10/21 വരെ | ആക്ടീവ് |
| 3 | ജ്യോതി വെങ്ങര | 707853810679 | 111050601330 | 31.12.20 | 6/21 തീയതി 21.01.21 | 1/21 വരെ | |

## 1-7-3 കർഷക തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തത്

താഴെ പറയുന്ന കർഷക പെൻഷൻ (കൃഷി വകുപ്പ്) ഗുണഭോക്താക്കളുടെയും കർഷക തൊഴിലാളി പെൻഷൻ ഗുണഭോക്താക്കളുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ആധാർ നമ്പറുകൾ മാത്രം ഉപയോഗപ്പെടുത്തി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് ഇത്. വിശദമായ പരിശോധന നടത്തി അനർഹമായി കൈമാറ്റം ചെയ്യപ്പെട്ട മുഴുവൻ തുകയും തിരിച്ചു പിടിക്കേണ്ടതും അർഹത നഷ്ടപ്പെടുന്നവരുടെ വിവരങ്ങൾ യഥാസമയം ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

| ക്രമ നം. | പേര്, പെൻഷൻ തരം | ആധാർ നമ്പർ | പെൻ ഷനർ ഐ ഡി | മരണ ത്തീയതി | രജിസ്ട്രേ ഷൻ നം. | പെൻ ഷൻ വിത രണം | റിമാർ ക്സ് |
|---|---|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ.എം.ടി കർഷക പെൻഷൻ | 876230451306 | 2220333372 | 18.03.20 | 33/20 തീയതി 25.03.20 | 4/20 വരെ | |
| 2 | കുഞ്ഞിരാമൻ. എംവി കർഷക തൊഴിലാളി പെൻഷൻ-ചെറുപുഴ ഗ്രാമപഞ്ചാ യത്ത് | 631020239442 | 111070100392 | 20.07.20 | 85/20 തീയതി 20.08.20 | 4/20 വരെ | ആക്ടീവ് |
| 3 | ലക്ഷ്മി ടി പി കർഷക പെൻഷൻ | 495820394115 | 2220239497 | 07.08.20 | 87/20 തീയതി 8.09.20 | 10/21 വരെ | ആക്ടീവ് |
| 4 | ശങ്കരൻ കർഷക തൊഴിലാളി പെൻഷൻ | 507362698084 | 111050100727 | 11.09.20 | 101/20 തീയതി 30.09.20 | 10/20 വരെ | |
| 5 | കോരൻ ടി വി കർഷക പെൻഷൻ | 912864623905 | 2220239617 | 4.10.20 | 111/20 തീയതി 23.10.20 | 10/21 വരെ | ആക്ടീവ് |
| 6 | ജാനകി പി വി കർഷക പെൻഷൻ | 462748389323 | 2220360731 | 13.10.20 | 119/20 തീയതി 30.10.20 | 10/21 വരെ | ആക്ടീവ് |
| 7 | ജാനകി പി വി കർഷക തൊഴിലാളി പെൻഷൻ | 462748389323 | 111050100482 | 13.10.20 | 119/20 തീയതി 30.10.20 | 11/20 വരെ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | അബ്ദുള്ള എൻ<br>കർഷക<br>പെൻഷൻ | 417515462450 | 2220239622 | 16.10.20 | 126/20<br>തീയതി<br>13.11.20 | 10/21<br>വരെ | ആക്റ്റീവ് |
| 9 | മാധവിയമ്മ<br>കർഷക തൊഴിലാളി<br>പെൻഷൻ | 967225719696 | 11105010021 | 23.10.20 | 134/20<br>തീയതി<br>2011.20 | 11/20<br>വരെ | |
| 10 | കുഞ്ഞുർ<br>രാഘവൻ<br>കർഷക<br>പെൻഷൻ | 534910844686 | 2220323699 | 3.12.20 | 147/20<br>തീയതി<br>17.12.20 | 10/21<br>വരെ | ആക്റ്റീവ് |
| 11 | പാർവതി എൻ<br>കർഷക<br>പെൻഷൻ | 617399082677 | 2220318587 | 8.11.20 | 142/20<br>തീയതി<br>9.12.20 | 10/21<br>വരെ | ആക്റ്റീവ് |
| 12 | ശ്രീധരൻ പി<br>കർഷക<br>പെൻഷൻ | 747703992701 | 2220239458 | 09.01.21 | 8/21<br>തീയതി<br>30.01.21 | 10/21 | |
| 13 | പത്മനാഭൻ.<br>എ.പി.കെ, കർഷക<br>പെൻഷൻ | 534959918741 | 2220239413 | 04.03.21 | 26/21<br>തീയതി<br>22.03.21 | 8/21 | |

കർഷക പെൻഷൻ അനർഹമായി കൈമാറിയതു സംബന്ധിച്ച വിവരങ്ങൾ കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം.10/21.11.21ന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികൾ നിരീക്ഷിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,506/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തുന്നുണ്ട്. സെക്ഷനുകളുടെ ചുമതലകൾ വിശദമാക്കുന്ന നടപടിക്രമങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം സേവനാ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരുന്നത് അപാകമാണ്. അനർഹരുടെയും മരണപ്പെട്ടവരുടേയും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് വാർഡുമെമ്പർമാരേയും അംഗൻവാടി വർക്കർമാരേയും ആശാവർക്കർമാരേയും ഉൾപ്പെടുത്തി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാവുന്നതാണ്.

**സ്റ്റോക്ക് രജിസ്റ്റർ**

വിവിധ സാധനങ്ങൾ വാങ്ങുമ്പോൾ പർച്ചേസ് ബില്ലിൽ രേഖപ്പെടുത്തിയതു പോലെ തന്നെ സ്റ്റോക്ക് രജിസ്റ്ററിലും വിവിധ ഇനങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ ഇനത്തിനും പ്രത്യേകം പേജ് നല്കി സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ഏതൊരു ദിവസം പരിശോധിച്ചാലും ഭൗതിക പരിശോധനയിലും രജിസ്റ്ററിലും രേഖപ്പെടുത്തിയ വിവരങ്ങൾ പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സാമ്പത്തിക വർഷാവസാനം സാധനങ്ങളുടെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പാലുല്പാദന സബ്സിഡി നൽകുന്നതിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ക്ഷീരവ്യവസായ സഹകരണ

സംഘങ്ങൾ നൽകിയ പത്രികകളുടെ അടിസ്ഥാനത്തിലാണ്. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അർഹതാ പരിശോധന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

കോവിഡ് പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ സമ്മേളിച്ചിട്ടുള്ളത്.

ഗ്രാമസഭകളിൽ ഓരോ വാർഡിലും നടപ്പാക്കുന്ന പൊതുമരാമത്ത് പദ്ധതികൾ , ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ഭാഷയിൽ അവതരിപ്പിക്കാവുന്നതാണ്. പെൻഷൻ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനകളും ഗ്രാമസഭകൾ വഴി നടത്താവുന്നതാണ്. ഉദാഹരണമായി സർവ്വീസ്/ഫാമിലി പെൻഷൻ ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. വാർഡുതല ലിസ്റ്റ് ഗ്രാമസഭകളിൽ പരിശോധിക്കപ്പെടുകയാണെങ്കിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാകുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അർഹതാമാനദണ്ഡങ്ങളും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകളും ഗ്രാമസഭകളെ അറിയിക്കാവുന്നതാണ്.

## 1-11 ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലന പ്രവർത്തനങ്ങൾ തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലന പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ആസ്തി രജിസ്റ്ററും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)31.03.2020 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട സുസ്ഥിര ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെയുള്ള മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2)ഗ്രാമപഞ്ചായത്ത് മുഖേനയല്ലാതെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളും മറ്റ് ഏജൻസികളും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

3)പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

4)ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ ജലസേചന കുളങ്ങളുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തത് കൈയ്യേറ്റങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുന്നതാണ്. സ്വകാര്യ വ്യക്തികൾ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ആയുർവേദ മരുന്നു കൃഷിക്കും മറ്റുമായി ഉപയോഗപ്പെടുത്തുന്നതായി വിവരാവകാശ അപേക്ഷകളിൽ ആരോപിച്ചിട്ടുണ്ട് എന്നതും പുറമ്പോക്ക് ഭൂമിയുടെയും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ജലാശയങ്ങളുടെയും മറ്റും കൃത്യമായ കണക്കുകൾ ഉണ്ടാകേണ്ടതിന്റെയും ആസ്തികൾ സംരക്ഷിക്കപ്പെടേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

5)ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കണ്ണാപ്പള്ളി വലിയകുളം മത്സ്യ സ്വയം സഹായ സംഘത്തിന് കരിമീൻ കൃഷി നടത്തുന്നതിനായി വിട്ടു നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സംഘവുമായി കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല എന്നത് അപാകമാണ്. കുളത്തിന്റെ വിസ്തീർണ്ണം 50 സെന്റ് ആണെന്ന് ഫിഷറീസ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവുകൾ സംബന്ധിച്ച ആധികാരിക രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമി ഏതെങ്കിലും ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികൾക്ക് വിട്ടു നല്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. [KPR Act സെക്ഷൻ 279(എ)].
6)ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് 2018-19 വരെയുള്ള ഭൂനികുതി മാത്രമാണ് വില്ലേജ് ഓഫീസിൽ ഒടുക്കിയിട്ടുള്ളത്

7)ആസ്തി രജിസ്റ്റർ കൃത്യമല്ലാതിരുന്നാൽ, ആസ്തി സംരക്ഷണ പ്രവൃത്തികൾക്കായുള്ള വാർഷിക പ്ലാൻ തയ്യാറാക്കുമ്പോഴും പുതിയ പദ്ധതികൾ തയ്യാറാക്കുമ്പോഴും, തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്താനും ഗ്യാരണ്ടി പിരിയഡ് കഴിയാത്ത പ്രവൃത്തികൾ മെയിന്റനൻസ് പ്ലാനിൽ ഉൾപ്പെടാനും സാധ്യതയുണ്ട്.

8)ഗ്രാമപഞ്ചായത്തിൽ നിഷ്ക്രിയ ആസ്തികൾ ഇല്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചത്.

9) മൂവബിൾ അസറ്റുകളുടെ കാര്യത്തിൽ, വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങുന്ന സാധനങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്. ഓരോ ഇനത്തിനും പ്രത്യേകം പേജ് നല്കി അതുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും, വാർഷിക സ്റ്റോക്ക് പരിശോധന നടത്തി സെക്രട്ടറി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

10)ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങളുടെ കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്നതും അപാകമാണ്. വാർഷിക സ്റ്റോക്കെടുപ്പ് നടത്തി കൃത്യമായ വിവരങ്ങൾ കണ്ടെത്തേണ്ടതും പുനരുപയോഗം സാധ്യമല്ലാത്തവ സ്ക്രാപ്പ് ആയി കണക്കാക്കി സർവ്വേ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ലേലനടപടികളിലൂടെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വാപ്പ് ഷോപ്പ് വഴി മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല

പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഉണ്ടാകുന്നില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 'ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കാത്തതും മറ്റ് അപാകങ്ങളും

ബുക്ക്സ് & ഫോംസ് സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ 40 ൽ അവ്യക്തമായി വിവരങ്ങൾ രേഖപ്പെടുത്തിയതല്ലാതെ കൃത്യമായ സ്റ്റോക്ക് വിതരണ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററി വാല്യൂ ഉള്ള ഫോറം എന്ന നിലയിൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ കുറ്റമറ്റതായി സൂക്ഷിക്കേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വിതരണം ചെയ്യുന്ന ഫോറങ്ങൾക്കു പുറമേ ഫോട്ടോകോപ്പി എടുത്തും ടെണ്ടർ ഫോറങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ബുക്ക്സ് & ഫോംസ് സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 40 പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 2018-19 ൽ ലഭിച്ചതിൽ നിന്നും 48 ടെണ്ടർ ഫോറങ്ങൾ 2019-20 ലും 185 ഫോറങ്ങൾ 2020-21 ലും എം എൻ ആർ ഇ ജി എസ് വിഭാഗത്തിന് നല്കിയിട്ടുണ്ട്. എന്നാൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ ടെണ്ടർ ഫോറങ്ങളുടെ ഫോട്ടോകോപ്പി ആണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നാണ് ഫയലുകളിൽ നിന്നും വ്യക്തമാകുന്നത്. രേഖപ്പെടുത്തലുകൾ അവ്യക്തമായതിനാൽ 2018-19 ൽ ലഭിച്ച ആകെ ടെണ്ടർ ഫോറങ്ങൾ എത്രയെന്നോ 180 എണ്ണം വിതരണം ചെയ്തത് ആർക്കെന്നോ വ്യക്തമാകുന്നില്ല. ഓഡിറ്റ് തീയതിയിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയത് 79 എണ്ണം ആണ്. എന്നാൽ രേഖപ്പെടുത്തലുകൾ സെക്രട്ടറിയോ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് വിവരങ്ങൾ ഉറപ്പു വരുത്തേണ്ടതിലേക്കും കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്കുമായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-14 വസ്തു നികുതി, ക്രമവൽക്കരണം -കാലതാമസം വരുത്തുന്നത്- വരവു നഷ്ടത്തിന് സാധ്യത

17.03.2020 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 87 ൽ വാർഡുക്ലർക്കുമാർ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒട്ടനവധി വീടുകൾ അധികനിർമ്മാണം നടത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇപ്പോഴും പല വീടുകളും പഴയ നികുതി നിരക്കിൽ തന്നെയാണ് തുടരുന്നതെന്നും അധിക നിർമ്മാണം ക്രമവൽക്കരിക്കാൻ ജനങ്ങൾ തയ്യാറാകാത്ത സാഹചര്യമാണുള്ളതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ , ക്ലർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി പുനർ നിർണ്ണയിക്കാനും ക്രമവൽക്കരണ ഫീസ് ഈടാക്കാനും തീരുമാനമെടുത്തിട്ടുണ്ട്. 01.01.21 ന് മുമ്പ് പൂർത്തിയാക്കിയതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ട് നിർമ്മിച്ചതുമായ കെട്ടിടങ്ങളുടെ അധിക നിർമ്മാണം, പ്ലാൻ സമർപ്പിക്കാതെ, ക്ലർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ പരിഷ്കരിച്ച് തീർപ്പാക്കുന്നതിന് പ്രത്യേകാനുമതിക്കായി , തദ്ദേശ ഭരണവകുപ്പിലേക്ക് , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന , അപേക്ഷ സമർപ്പിക്കുന്നതിന് 21.01.21 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം (തീരുമാനം നമ്പർ 40/21) തീരുമാനമെടുക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ആയത് നിയമവിരുദ്ധമായതിനാൽ

നിയമാനുസൃത ക്രമവൽക്കരണ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സെക്രട്ടറിക്ക് 30.06.21 തീയതിയിൽ ഇ മെയിൽ മുഖേന നിർദ്ദേശം നല്കിയിരുന്നു.

അനധികൃത നിർമ്മാണം ശ്രദ്ധയിൽ പെടുമ്പോൾ തന്നെ നിയമാനുസൃത നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനും വാർഡുക്ലർക്കുമാരുടെ പരിശോധനാ റിപ്പോർട്ടുകൾ പരിശോധനക്കായി ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , പൊതു നോട്ടീസുകൾ മുഖേന ജനങ്ങൾക്ക് അറിയിപ്പ് നല്കിയിട്ടുണ്ടെന്നും വസ്തുനികുതി പരിഷ്കരണം നടന്നു വരുന്നുണ്ടെന്നുമാണ് അറിയിച്ചത്. ക്ലർക്കുമാരുടെ അന്വേഷണ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഏതാനും കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്.
വാർഡ് ക്ലർക്കുമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയ മുഴുവൻ കെട്ടിട ഉടമകളിൽ നിന്നും ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണം സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്താവുന്നതും ഇതുസംബന്ധിച്ച അവബോധം സൃഷ്ടിക്കാവുന്നതുമാണ്. ഗ്രാമസഭകളിലും പ്രസ്തുത വിഷയം ഉൾപ്പെടുത്താവുന്നതാണ്.

## 1-15 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയതിലെ അപാകങ്ങൾ

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത്. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന വസ്തുനികുതി നിർണയം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ മുതലായ കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക് ച.മീറ്ററിന് 40/- രൂപയും. 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചനികുതി നിരക്ക് ച.മീറ്ററിന് 60/- രൂപയും ആണ്. എന്നാൽ 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തെ വിവിധ ഭാഗങ്ങളാക്കി കണക്കാക്കി വ്യത്യസ്ത നമ്പറുകൾ നൽകുകയും 100 ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച ച.മീറ്ററിന് 40/- രൂപ നിരക്കിൽ നികുതി കണക്കാക്കുകയും ചെയ്തതിനാൽ നികുതി നിർണ്ണയത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീ/ ഉപയോഗ ക്രമം | ഈടാക്കിയ നികുതി @40/ ച.മീ | ഈടാക്കേണ്ടിയിരുന്ന നികുതി @ 60/ച.മീ | നികുതിയിനത്തിൽ രണ്ട് അർദ്ധ വർഷവും കൂടി കുറവ് വന്ന തുക |
|---|---|---|---|---|---|
| 14/576എ മുതൽ എച്ച് വരെ 8 കെട്ടിട നമ്പർ നൽകി ഓരോ കെട്ടിടത്തിനും 31.704 ച.മീ. വിസ്തീർണ്ണം കാണിച്ച | സൈനബ. എം.പി മുതൽ പേർ | GF-31.704/ ഷോപ്പുകൾ | 31.704X40= 1268.16 ഇളവ് ഇല്ല വർദ്ധനവ് 20% 253.632 ആകെ 1522 LC-77 TOTAL 1599 | 31.704X60= 1902.24 ഇളവ് ഇല്ല വർദ്ധനവ് 20% 380.448 ആകെ 2283 LC- 115 TOTAL 2398 | 14/576 എ മുതൽ എച്ച് വരെ 8 കെട്ടിട നമ്പർ നൽകിയ വകയിൽ കുറവ് വന്ന തുക 799X8= 6392 |

| | | | | | |
|---|---|---|---|---|---|
| 14/576 ഐ മുതൽ പി വരെ 8 കെട്ടിട നമ്പർ നൽകി ഓരോ കെട്ടിടത്തിനും 28.13 ച.മീ. വിസ്തീർണ്ണം കാണിച്ച | സൈനബ.എം.പി മുതൽ പേർ | FF-28.13/ ഷോപ്പുകൾ | 28.13X40= 1125.2 വർദ്ധനവ് 20% 225.04 ആകെ 1350.24 ഇളവ് ബഹുനില കെട്ടിടം 67.55 LC-65 TOTAL 1349 | 28.13X60= 1687.8 വർദ്ധനവ് 20% 337.56 ആകെ-20,25.36/- ഇളവ് ബഹുനില കെട്ടിടം 101.268 ആകെ 1924 LC- 97 TOTAL 2021 | 14/576 ഐ മുതൽ പി വരെ 8 കെട്ടിട നമ്പർ നൽകിയ വകയിൽ കുറവ് വന്ന തുക 672X8= 5376 |
| | | | | ആകെ | ₹11,768 |

അടിസ്ഥാന വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിന് 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചനികുതി നിരക്ക് ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/20-21-തീയ്യതി.27.11.2021) നൽകിയ മറുപടി തൃപ്തികരമല്ല. നാളിതുവരെ കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വൈകി സമർപ്പിക്കുന്ന ജമ മാറ്റത്തിനുള്ള അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22 (5) പ്രകാരം വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം (മൂന്ന മാസം –ചട്ടം 22(1) ) സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുകളുടെ മേൽ സെക്രട്ടറിക്ക് 500/- രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ ജമ മാറ്റത്തിന് സമർപ്പിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു . ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | ആധാരം നം. & രജിസ്ട്രേഷൻ തീയ്യതി | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | തിലകൻ.ടി. | 1.12.2020. | 729/1 28.7.2020. | 12/418 |
| 2 | ഷീനസെബാസ്റ്റ്യൻ | 3.02.2021 | 143/1 29.1.2020 | 11/228 |
| 3 | മുരളീധരൻ കെ | 11.1.2021 | 1027/1 5.10.2020 | 14/911 A To D |

മുകളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/20-21- തീയ്യതി.27.11.2021) നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച മൂന്നു പേരിൽ നിന്നും 500/- രൂപ ഫൈൻ ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷം ജമ മാറ്റത്തിന് സമർപ്പിച്ച നിശ്ചിത സമയ പരിധി കഴിഞ്ഞ മുഴുവൻ അപേക്ഷകളും പരിശോധിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ-രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ. |
| പ്രൊജക്ട് നം | 40/21 |
| അടങ്കൽ | ₹100000/- (₹100000- വികസനഫണ്ട് എസ്.സി.പി) |
| ചെലവ്<br>ബിൽനം , തീയ്യതി , തുക | 9/2020-21 ₹100000<br>തീയതി 28.10.2020 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഫർണിച്ചർ നൽകിയിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികളുടെ അർഹത പരിശോധിക്കുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.കരിപ്പാൽ എസ്.വി.യു.പി.സ്കൂളിലെ ദിയ.സി.എന്ന വിദ്യാർത്ഥി സമർപ്പിച്ചിട്ടുള്ള റേഷൻ കാർഡ് (നം.2365211384) ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെടുന്നതായതിനാൽ, ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ രേഖകൾ

2. വെള്ളോറ എ.യു.പി.സ്കൂളിലെ വിഷ്ണുനന്ദൻ.ടി എന്ന വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റിന്റെയും, റേഷൻ കാർഡിന്റെയും പകർപ്പ്

3. വെള്ളോറ എ.യു.പി.സ്കൂളിലെ അഭിന.ടി എന്ന വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/20-21-തീയ്യതി.23.11.2021.)മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ച മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1.സ്പിൽ ഓവർ പദ്ധതി**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി( സ്പിൽ ഓവർ) |
| പ്രൊജക്ട് നം | 182/21 |
| അടങ്കൽ | വികസനഫണ്ട്- ₹212500<br>ഗുണഭോക്തൃവിഹിതം- ₹425000<br>സംസ്ഥാന വിഹിതം –₹212500<br>ആകെ – ₹850000 |
| ചെലവ് | വികസനഫണ്ട് –₹212500 |
| ബിൽനം/തീയ്യതി/തുക | P1/1-7-20/₹212500 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 212500/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. 32 മാസം അല്ലെങ്കിൽ കന്നുകുട്ടിയുടെ ആദ്യ പ്രസവം വരെ

കാലാവധിയുള്ള പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.2019-20 ലെ പദ്ധതിയായതിനാൽ ഗുണഭോക്താക്കളുടെ കന്നുകുട്ടികളുടെ പ്രായം നിശ്ചിത പരിധിയിൽ വരുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**2.2020-21 ലെ പദ്ധതി**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. |
| പ്രൊജക്റ്റ് നം | 52/21 |
| അടങ്കൽ | വികസനഫണ്ട് – ₹212500<br>ഗുണഭോക്തൃവിഹിതം- ₹212500<br>ആകെ- ₹425000 |
| ചെലവ് | വികസനഫണ്ട് – ₹212500 |
| ബിൽനം/തീയ്യതി/തുക | P2/2020-21/11-11-20/₹212500 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 212500/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. 32 മാസം അല്ലെങ്കിൽ കന്നു കുട്ടിയുടെ ആദ്യ പ്രസവം വരെ കാലാവധിയുള്ള പ്രസ്തുത പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**<u>1-19 കുളത്തിലെ കരിമീൻ കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-36292രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു</u>**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | |
| പ്രോജക്റ്റ് | 203/21, കുളങ്ങളിലെ കരിമീൻ കൃഷി | |
| അടങ്കൽ | ₹1,50,000<br>(വികസന ഫണ്ട്,ജനറൽ – ₹20,000, ജില്ലാ പഞ്ചായത്ത് വിഹിതം – ₹20,000, സംസ്ഥാനാവിഷ്കൃത പരിപാടി - ₹20,000, ഗുണഭോക്തൃവിഹിതം- നേരിട്ട് ചെലവഴിക്കുന്നത്- ₹90,000) | |
| ചെലവ് | ബിൽ നമ്പർ 1/20-21 25.03.21 | ₹ 18146 |
| | ബിൽ നമ്പർ 2/20-21 30.03.21 | ₹ 18146 |
| | ഫിഷറീസ് വകുപ്പ് വിഹിതം | ₹18146 |
| | ആകെ | ₹54438 |

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റിന്റെ ഗുണഭോക്താവായ ശ്രീ പവിത്രൻ എ എന്നവരുടെ അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 18146/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 18146/- രൂപയും കൈമാറിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് വിഹിതമായി 18146/- രൂപയും കൈമാറിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ പവിത്രൻ എ എന്നവർ, ചെയർമാൻ മത്സ്യകൃഷി സംഘം എന്ന നിലയിലാണ് തുക കൈപ്പറ്റിയിട്ടുള്ളത്.

ജലലഭ്യതയുള്ള ഭൂമി സ്വന്തമായോ പാട്ട വ്യവസ്ഥയിലോ ഉണ്ടായിരിക്കണം എന്നതാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡമായി പ്രോജക്റ്റിൽ ചേർത്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.പദ്ധതി ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് കുളത്തിലാണ് (കണ്ണാപ്പള്ളി വലിയ കുളം) കൃഷി ചെയ്തത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രസ്തുത കുളത്തിൽ കൃഷി ചെയ്യുന്നതിന് ഗ്രൂപ്പിന് കുളം കൈമാറിയുമായി ബന്ധപ്പെട്ട രേഖകളും ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനവും ലീസ് എഗ്രിമെന്റും പരിശോധനക്കായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (11/21.11.21) നല്കിയതിനെ തുടർന്ന് , പുതിയ ഭരണസമിതി യോഗം കുളം കൈമാറിയത് ഗ്രാമപഞ്ചായത്ത് അനുമതിയോടെയാണെന്നും ഗ്രൂപ്പിന്റെ പേര് ചേർക്കാൻ വിട്ടുപോയതാണെന്നും തീരുമാനമെടുത്തിട്ടുണ്ട്.

നിലവിൽ പ്രസ്തുത കുളത്തിൽ കൃഷി ചെയ്യുന്ന ശ്രീ എ പവിത്രൻ ഉൾപ്പെടെയുള്ള പരിസരവാസികളായ 14 പേരുടെ ഗ്രൂപ്പിനെ പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയാണ് ചെയ്തത് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ വ്യക്തി/ഗ്രൂപ്പിന് ദീർഘകാലത്തേക്ക് വിട്ടു നല്കുമ്പോൾ പാലിക്കേണ്ട നിയമ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.

2.ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ , ഗ്രൂപ്പ് രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഇവ ഹാജരാക്കിയിട്ടില്ല.

3. സഉ(സാധാ)1009/2020/തസ്വഭവ തീയതി 29.05.2020, ഖണ്ഡിക 4-4 ൽ കരിമീൻ കൃഷിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങളും സബ്സിഡി നല്കാവുന്ന ഇനങ്ങളും സബ്സിഡി പരിധിയും വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളതും കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള കുളത്തിൽ കൃഷി ചെയ്യാൻ സന്നദ്ധരാവയവരുമായ ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കേണ്ടത്. കുളത്തിന്റെ വിസ്തൃതി 50സെന്റാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4.പ്രസ്തുത ഉത്തരവിൽ യൂനിറ്റ് ചെലവ് 1.5 ലക്ഷം രൂപയും പരമാവധി സബ്സിഡി 60000/- രൂപയുമാണ് (40%) എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തന ചെലവിന്റെ ഘടകങ്ങളിൽ ഉൾപ്പെടാത്ത ഇനമായ ചാണകം വാങ്ങിയതിന് 4800/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി 4800/- രൂപയാണ്. തീറ്റയ്ക്കുള്ള സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡിയായ 20000/- രൂപയും അനുവദിച്ചിട്ടുണ്ട്.

നിലവിൽ മത്സ്യകൃഷി ചെയ്യുന്നവർ തന്നെയാണ് പദ്ധതി ഗുണഭോക്താക്കളായതെന്നതിനാൽ ഉൽപ്പാദന വർധനവ് എന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടോ എന്ന കാര്യവും പരിശോധിക്കപ്പെടേണ്ടതുണ്ട്. പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി വേണമായിരുന്നു പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച 36,292/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. അപാകങ്ങൾ പരിഹരിച്ച് ,അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ട്. എമർജൻസി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും സന്നദ്ധ സേവകരുടെയും നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സുഭിക്ഷ കേരളം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും ഫിഷറീസ് മേഖലയിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

സി എഫ് എൽ ടി സികളുടെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും 50000/- രൂപയും കണ്ണൂർ ജില്ലാ കലക്ടറിൽ നിന്നും ലഭിച്ച 50000/- രൂപയും ഉൾപ്പെടെ 1 ലക്ഷം രൂപ അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ എസ് ബി ഐ യുടെ മാതമംഗലം ബ്രാഞ്ചിൽ ആരംഭിച്ച അക്കൗണ്ട് നമ്പർ 39516535568 ൽ നിലവിൽ 54730/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 36770/- രൂപ സി എഫ് എൽ ടി സിയിലേക്ക് ആവശ്യമായ കിടക്ക, തലയിണ , റെക്സിൻ എന്നിവ വാങ്ങുന്നതിനായി ചെലവഴിക്കുകയും വിനിയോഗ സാക്ഷ്യപത്രം ജില്ലാ കലക്ടർക്ക് നല്കുകയും ചെയ്തിട്ടുണ്ട് . വാഹന വാടകയിനത്തിൽ 8500/- രൂപയും ചെലവുണ്ട്. സി എഫ് എൽ ടി സികൾ നിർത്തലാക്കിയ സാഹചര്യത്തിൽ അക്കൗണ്ടിൽ ബാക്കിയുള്ള തുക അതാത് ഫണ്ടുകളിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-21 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ-8376 രൂപയുടെ മരുന്നുകൾ ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് | 244/21,കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹201000 (തനത് ഫണ്ട് – ₹1000,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ₹200000 |
| ചെലവ് | ബിൽ നം/തീയതി/തുക – 14/21/ 21.03.21/ ₹2,00,000 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ 3624001800000019 ൽ 21.03.21 തീയതിയിൽ 2 ലക്ഷം രൂപ നിക്ഷേപിച്ചതിൽ, നാളിതുവരെ 191624/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 8376/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 21.11.21നൽകിയ 13/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ചില മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിലവിൽ ലഭ്യമല്ലാത്തതിനാലാണ് മരുന്നുകൾ വിതരണം ചെയ്യാതിരുന്നത് എന്ന മറുപടിയാണ് നല്കിയത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പർച്ചേസ് ബില്ലുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ, വെള്ളോറ

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവന നിർമ്മാണത്തിന് 2020-21 വർഷത്തിൽ 9 പ്രോജക്ടുകളിലായി ₹4,18,23,080 അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആകെ ചെലവ് ₹56,25,787 മാത്രമാണ്. അടങ്കൽ തുകയുടെ 13.45% മാത്രമാണ് ചെലവ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | | ചെലവ് |
|---|---|---|---|---|
| | | ഫണ്ട് | തുക | |
| 1 | 29/2021 ലൈഫ് ഭവന നിർമ്മാണം (ജനറൽ ) New | വികസന ഫണ്ട് (ജനറൽ) | 7,64,200 | 7,64,200 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 10,00,000 | |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000 | |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 2,00,000 | |
| | | മറ്റുള്ളവ | 1508880 | |
| | ആകെ | | 36,73,080 | 7,64,200 |
| 2 | 31/2021 ലൈഫ് ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) New | വികസന ഫണ്ട് (ടി എസ് പി) | 86,000 | 86,000 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,00,000 | 1,00,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,14,000 | 0 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 2,00,000 | 0 |
| | | | 6,00,000 | 1,86,000 |
| 3 | 188/2021 ലൈഫ് ഭവന നിർമ്മാണം SO | സംസ്ഥാനാവിഷ്കൃത ഫണ്ട് | 24,20,000 | 1,50,000 |

| | | | | |
|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 14,60,000 | 0 |
| | | മറ്റുള്ളവ (വായ്പ) | 98,60,000 | 2,00,000 |
| | ആകെ | | 1,37,40,000 | 3,50,000 |
| 4 | 189/2021 ലൈഫ് ഭവന നിർമ്മാണം (പട്ടിക ജാതി ) SO | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 68,000 | 50,000 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 82,000 | 50,000 |
| | ആകെ | | 1,50,000 | 1,00,000 |
| 5 | 190/2021 ലൈഫ് ഭവന നിർമ്മാണം (പട്ടിക വർഗ്ഗം ) SO | ജില്ലാ പഞ്ചായത്ത് വിഹിതം | 12,14,820 | 1,84,062 |
| | | മറ്റുള്ളവ (വായ്പ) | 7,95,180 | 1,60,000 |
| | ആകെ | | 20,10,000 | 3,44,062 |
| 6 | 192/2021 ലൈഫ് ഭവന നിർമ്മാണം SO | വികസന ഫണ്ട് ജനറൽ | 20,16,902 | 20,16,902 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 18,00,000 | 5,35,800 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 20,00,000 | 0 |
| | | മറ്റുള്ളവ (വായ്പ) | 13,83,098 | 0 |
| | ആകെ | | 72,00,000 | 25,52,702 |
| 7 | 193/2021 ലൈഫ് ഭവന ഭൂരഹിത ഭവന രഹിതർ (പട്ടിക വർഗ്ഗം)SO | സംസ്ഥാനാവിഷ്കൃത ഫണ്ട് | 2,00,000 | 0 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 10,10,000 | 0 |
| | | മറ്റുള്ളവ (വായ്പ) | 4,40,000 | 0 |
| | ആകെ | | 16,50,000 | 0 |
| 8 | 246/2021 ലൈഫ് ഭവന നിർമ്മാണം എസ് സി അധീഷണൽ | വികസന ഫണ്ട് എസ് സി പി | 2,77,555 | 2,71,322 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 20,00,000 | 1,20,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15,00,000 | 5,13,200 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 25,00,000 | 0 |
| | | മറ്റുള്ളവ (വായ്പ) | 17,22,445 | 0 |
| | | | 80,00,000 | 9,04,522 |
| 9 | 247/2021 ലൈഫ് ഭവന നിർമ്മാണം എസ് ടി അധീഷണൽ | വികസന ഫണ്ട് ടി എസ് പി | 20,000 | 20,000 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 8,00,000 | 0 |

| | | | | |
|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15,00,000 | 4,04,301 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 20,00,000 | 0 |
| | | മറ്റുള്ളവ (വായ്പ) | 4,80,000 | 0 |
| | ആകെ | | 48,00,000 | 4,24,301 |
| | ആകെ | | 4,18,23,080 | 56,25,787 |

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഘട്ടം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ചവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| 1 | 7 | 7 | 7 | 0 |
| 2 | 121 | 56 | 50 | 6 |
| 3 | 16 | 16 | 6 | 10 |
| എസ് സി അഡീഷണൽ | 20 | 13 | 0 | 13 |
| എസ് ടി അഡീഷണൽ | 8 | 4 | 0 | 4 |
| ആകെ | 172 | 96 | 63 | 33 |

ലൈഫ് ഭവന പദ്ധതിയിൽ വിവിധ ഗഡുക്കൾ അനുവദിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഘട്ടം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ളത് | അവസാനമായി ധനസഹായം അനുവദിച്ച സ്റ്റേജ് |
|---|---|---|---|---|---|
| 1 | 2 | പിലാക്കൽ യശോദ | 3,00,000 | 1,00,000 | മേൽക്കൂര അഡ്വാൻസ് 11.01.19 |
| 2 | 2 | നളിനി കെ | 3,10,000 | 90,000 | മേൽക്കൂര 28.03.19 |
| 3 | 2 | സജിനി W/O സുരേശൻ | 40,000 | 3,60,000 | തറ അഡ്വാൻസ് 28.03.19 |
| 4 | 2 | കല്യാണി വി | 40,000 | 3,60,000 | തറ അഡ്വാൻസ് 28.03.19 |
| 5 | 2 | നഫീസ കെ | 3,00,000 | 1,00,000 | മേൽക്കൂര അഡ്വാൻസ് 22.01.21 |
| 6 | 2 /ST | ലളിത പി വി | 2,10,000 | 3,90,000 | ലിന്റൽ 22.10.21 |
| 7 | 3 | ഫാത്തിമ പി | 2,40,000 | 1,60,000 | ലിന്റൽ 15.01.21 |
| 8 | 3 | ചന്ദ്രമതി വി വി | 3,50,000 | 50,000 | മേൽക്കൂര 03.08.21 |
| 9 | 3 | ധന്യ സി | 3,50,000 | 50,000 | മേൽക്കൂര 03.08.21 |
| 10 | 3 | നിഷ കെ | 40,000 | 3,60,000 | തറ അഡ്വാൻസ് 30.03.21 |

| | | | | | |
|---|---|---|---|---|---|
| 11 | 3 | ഗിരിജ കെ വി | 3,40,000 | 60,000 | മേൽക്കൂര 24.09.21 |
| 12 | 3 | കാർത്യായനി | 3,00,000 | 1,00,000 | മേൽക്കൂര 22.10.21 |
| 13 | 3 | സിസിലി ജോസഫ് | 1,85,800 | 2,14,200 | തറ 22.10.21 |
| 14 | 3 | ഓമന കെ എം | 3,00,000 | 1,00,000 | മേൽക്കൂര 24.09.21 |
| 15 | 3/ST | കുഞ്ഞമ്മ ഇ | 3,50,000 | 2,50,000 | മേൽക്കൂര 22.10.21 |
| 16 | 3/ST | അമ്മിണി പി | 3,50,000 | 2,50,000 | മേൽക്കൂര 22.10.21 |
| 17 | എസ്.സി അഡീഷണൽ | ജിഷ ടി വി | 3,40,000 | 60,000 | മേൽക്കൂര 29.07.21 |
| 18 | -ടി- | അനിത എ | 3,40,000 | 60,000 | മേൽക്കൂര 29.07.21 |
| 19 | -ടി- | മാധവി കെ വി | 3,40,000 | 60,000 | മേൽക്കൂര 29.07.21 |
| 20 | -ടി- | സരോജിനി പി ടി | 3,40,000 | 60,000 | മേൽക്കൂര 19.06.21 |
| 21 | -ടി- | ഷീബ വി | 3,40,000 | 60,000 | മേൽക്കൂര 19.06.21 |
| 22 | -ടി- | ശാന്ത ഒ | 3,40,000 | 60,000 | മേൽക്കൂര 19.06.21 |
| 23 | -ടി- | നിഷ കെ | 40,000 | 3,60,000 | തറ അഡ്വാൻസ് 29.07.21 |
| 24 | -ടി- | ജയശ്രീ കെ | 40,000 | 3,60,000 | തറ അഡ്വാൻസ് 29.07.21 |
| 25 | -ടി- | സുശീല കെ | 2,00,000 | 2,00,000 | തറ 16.07.21 |
| 26 | -ടി- | ശ്യാമള വി | 40,000 | 3,60,000 | തറ അഡ്വാൻസ് 22.10.21 |
| 27 | -ടി- | ശ്രീലേഖ കെ വി | 40,000 | 3,60,000 | തറ അഡ്വാൻസ് 22.10.21 |
| 28 | -ടി- | നിദ പി വി | 40,000 | 3,60,000 | തറ അഡ്വാൻസ് 22.10.21 |
| 29 | -ടി- | ഷീബ ടി | 40,000 | 3,60,000 | തറ അഡ്വാൻസ് 22.10.21 |
| 30 | എസ് ടി അഡീഷണൽ | നാരായണി പി വി | 3,50,000 | 2,50,000 | മേൽക്കൂര 24.09.21 |
| 31 | -ടി- | യശോദ കെ വി | 3,50,000 | 2,50,000 | മേൽക്കൂര 24.09.21 |
| 32 | -ടി- | നാരായണി കെ വി | 3,50,000 | 2,50,000 | മേൽക്കൂര 24.09.21 |
| 33 | -ടി- | സുജാത കെ വി | 2,90,000 | 3,10,000 | മേൽക്കൂര 22.10.21 |

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവനരഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

ഓഡിറ്റ് പരാമർശങ്ങൾ

1. ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ എഗ്രിമെന്റ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

3. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.15/20-21 തീയതി 22.11.21ന് വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

**1-23 കാര്യപ്പള്ളി ചെനയമാവ് റോഡ് ടാറിംഗ് - റീടെൻഷൻ തുക ക്രമീകരിച്ചിട്ടില്ല-ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ അധിക ചെലവ് വന്ന ₹8848 കൺസോളിഡേറ്റഡ് ഫണ്ടിൽ തിരച്ചടക്കേണ്ടതാണ്.**

| | |
|---|---|
| ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 166/21 കാര്യപ്പള്ളി ചെനയമാവ് റോഡ് ടാറിംഗ് |
| അടങ്കൽ | ₹7,00,000ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| ചെലവ് ₹6,48,297 | ₹3,53,874 ബിൽ നമ്പർ 19/11-05-2020<br>₹2,94,423 ബിൽ നമ്പർ 70/22-03-2021 |
| എഗ്രിമെന്റ് നമ്പർ തീയതി | 40/2019-20 Dated 26-10-2019 |
| എം ബുക്ക് നമ്പർ | 40/2019-20 |
| കരാറുകാരൻ | കമലാക്ഷൻ യു പി |

**12%ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടെ, പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹6,43,019 ആണ്. ഇതിൽ നിന്ന് ഒഴിഞ്ഞ ടാർബാരൽ വിലയിനത്തിൽ ₹3570 കുറവു ചെയ്ത ശേഷം പിൻവലിക്കേണ്ടുന്ന തുക ₹6,39,449 ആണ്. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ (ബിൽ നമ്പർ 19/11-05-2020) പ്രകാരം പിൻവലിച്ച ₹3,53,874 യിൽ നിന്ന് റീടെൻഷൻ ഇനത്തിൽ ₹8847 പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമബിൽ അനുവദിക്കുമ്പോൾ റിടെൻഷൻ ഇനത്തിൽ കുറവു ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചത് പ്രസ്തുത തുക കരാറുകാരന് നൽകാതെ, ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്ന് മുഴവൻ തുകയും അനുവദിച്ചത് കാരണം പ്രസ്തുത ഫണ്ടിൽ ₹8848 അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/15-11-2021) തുക അധികം നൽകിയ തുക തനത് ഫണ്ടിൽ നീക്കിയിരിപ്പായി ഉണ്ടെന്നും അയത് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികമായി ചെലവഴിച്ച തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.**

**1-24 തോക്കാട് എടോളി റോഡ് ടാറിംഗ്-റീടെൻഷൻ തുക ക്രമീകരിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്ന് അധിക ചെലവ് വന്ന ₹12785 കൺസോളിഡേറ്റഡ് ഫണ്ടിൽ തിരച്ചടക്കേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 166/21 തോക്കാട് എടോളി റോഡ് ടാറിംഗ് |
| അടങ്കൽ ₹7,00,000 | ₹5,11,405ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>₹1,88,595 വികസന ഫണ്ട് ജനറൽ |
| ചെലവ് ₹6,66,761 | ₹ 5,11,405 ബിൽ നമ്പർ 39/13-11-2020<br>₹ 1,55,356 ബിൽ നമ്പർ 61/25-02-2021 |
| | |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ തീയതി | 41/2019-20 |
| എം ബുക്ക് നമ്പർ | 41/2019-20 Dated 26-10-2019 |
| കരാറുകാരൻ | കമലാക്ഷൻ യു പി |

12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടെ , പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹6,55,146ആണ്. ഇതിൽ നിന്ന് ടാർബാരൽ വില ₹1190 കുറച്ച് ആവശ്യമായ തുക ₹6,53,976 ആണ്. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ നമ്പർ 39/13-11-2020 പ്രകാരം പിൻവലിച്ച ₹5,11,405 യിൽനിന്ന് റീടെൻഷൻ ഇനത്തിൽ ₹12785 പിൻവെലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമബിൽ അനുവദിക്കുമ്പോൾ തനത് ഫണ്ടിൽ നിക്ഷേപിച്ച തുക കരാറുകാരന് നൽകാതെ ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്ന് പ്രസ്തുത തുക ഉൾപ്പെടെ അനുവദിച്ചത് കാരണം വികസന ഫണ്ടിൽ നിന്നും ₹12785 അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 കടവനാട് അംഗൻവാടി കെട്ടിട നിർമ്മാണം -സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തിയത് ₹496480 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/ പേര് | 155/21 കടവനാട് അംഗൻവാടി കെട്ടിട നിർമ്മാണം (S.O) (19-20 – 158/20, 18-19 – 78/19) |
| ആകെ അടങ്കൽ 12,10,000 | ₹5,00,000ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>₹ 7,10,000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 2020-21ലെ അടങ്കൽ | ₹ 511296 (14816 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 496480 – സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹9,81,664 | ₹496480 ബിൽ നമ്പർ 32/24-08-2020 – സംരക്ഷണ ഗ്രാന്റ് – റോഡിതരം<br>₹485184 ബിൽ നമ്പർ 65/12-03-2019 – ധനകാര്യ കമ്മീഷൻ അവാർഡ് (2018-19ലെ ചെലവ്) |
| എഗ്രിമെന്റ് നമ്പർ തീയതി | 9/(1)2018-19 Dated 24-09-2018 |
| എം ബുക്ക് നമ്പർ | 09/1/2018-19, 09/2018-19 |
| കരാറുകാരൻ | സുനീഷ് പി കെ |

സ.ഉ.(കൈ)നം 11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖ.6.7(7) പ്രകാരം മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും, സർക്കുലറുകളിലേയും വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത അംഗൻവാടി നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് അംഗൻവാടി നിർമ്മാണം നടത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 3/15-11-2021 ന് താഴെ പറയുംപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകുകയുണ്ടായി.

1 - മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള പദ്ധതികളെ കുറിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ എഴുതി നൽകിയിരുന്നെങ്കിലും ഭരണ സമിതിയുടെ 17-07-2018 ലെ 8/186 നമ്പർ തീരുമാനപ്രകാരമാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശിച്ചത്..

2- കോർഡിനേഷൻ കമ്മിറ്റിയുടെ 07-09-2016 ലെ ക്രമ നമ്പർ 3 പ്രകാരം അംഗൻവാടി നിർമ്മാണത്തിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കോർഡിനേഷൻ കമ്മിറ്റിയുടെ 28-12-2016

ലെ 2.21 തീരുമാനപ്രകാരം ചട്ടപ്രകാരം പ്രത്യേകമായ സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ആവശ്യമില്ലാത്ത കേസുകളിൽ കോർഡിനേഷൻ കമ്മിറ്റിയുടെ മിനുറ്റ്സിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നടപടി സ്വീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭരണ സമിതി അംഗീകാരം നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3- കോർഡിനേഷൻ കമ്മിറ്റിയുടെ 06-12-2019 ലെ ക്രമ നമ്പർ 4.33 പ്രകാരം അംഗൻവാടി നിർമ്മാണത്തിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് മാറ്റി മറ്റൊരു ഫണ്ട് വകയിരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിരുന്നെങ്കിലും ഭരണ സമിതി തീരുമാനം 4-4-20 തീയതി 07/01/2020 പ്രകാരം പദ്ധതി മാറ്റം വരുത്താതെ നടത്താൻ തീരുമാനിക്കുകയുമാണ് ചെയ്തത്. ഭരണസമിതി പദ്ധതി സാധൂകരിക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിക്ക് അയക്കാൻ തീരുമാനിച്ചെങ്കിലും നാളിതുവരെ കോർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം ലഭിച്ചിട്ടില്ല.

മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിലെ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ₹496480 ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ യു പി എസ് സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ₹9120യുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 89/21 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ യു പി എസ് സ്ഥാപിക്കൽ |
| അടങ്കൽ | ₹1,60,000 തനത് ഫണ്ട് |
| ചെലവ് | ₹1,57,059 /28-12-2020 |
| എഗ്രിമെന്റ് നമ്പർ തീയതി | 39/2020-21 Dated 28-09-2020 |
| എം ബുക്ക് നമ്പർ | 39/2020-21 |
| കരാറുകാരൻ | ശ്രീ.ടി പി പത്മനാഭൻ |

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ യു പി എസ് സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ് തയ്യാറാക്കിയത്.

| ഇനം | തുക(₹) |
|---|---|
| വയറിംഗ് പ്രവർത്തികൾ | 61,333 |
| 3 KVA UPS, 4Nos 80Ah Battery | 76,000 |
| ആകെ | 1,37,333 |
| ഓണറേറിയം 4% (എസ്റ്റിമേറ്റ് തയ്യാറാക്കൽ മേൽനോട്ടം വഹിക്കുന്നതിന്) | 5493 |
| ജി എസ് ടി കോമ്പൻസേഷൻ 12% | 17139 |
| Contingency | 35 |
| ആകെ | 1,60,000 |

പ്രവൃത്തിയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- യു.പി.എസ് , ബാറ്ററി എന്നിവ വാങ്ങുന്നതിന് കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് നടത്തിപ്പ് ) ചട്ടങ്ങളിലെ 16 ലെ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ചട്ടം 16 പ്രകാരം പൊതുമരാമത്ത് പണികൾക്കുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിന് പ്രസ്തുത ചട്ടത്തിലെ 8, 9, 10 എന്നിവ പ്രകാരമുള്ള ടെണ്ടർ നിബന്ധനകൾ പാലിച്ച് വേണം നടപ്പാക്കേണ്ടത്. എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരമില്ലാതെയുമാണ് യു പി എസ് വാങ്ങിയത്. ജി ഒ(പി) നം 259/2010/തസ്വഭവ തീയതി 08.11.2010 ലെ

വ്യവസ്ഥകൾ പ്രകാരം മതിപ്പ് വില 25000/- രൂപയ്ക്ക് മുകളിലും 100000/- രൂപയിൽ താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന കാര്യവും ശ്രദ്ധിക്കുക.

2- ആകെ പ്രവൃത്തിമൂല്യത്തിന് 12 % ജി എസ് ടി അനുവദിച്ചിട്ടുണ്ട്. യു.പി.എസ് , ബാറ്ററി എന്നിവ വാങ്ങിയതിന്റെ ബിൽ പ്രകാരം ജി എസ് ടി അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. യു.പി.എസ് , ബാറ്ററി എന്നിവ വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/18-11-2021) ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി നടത്തി പൂർത്തീകരിക്കുന്ന വിധത്തിലുള്ള പ്രവൃത്തി ആയതിനാലാണ് കരാറുകാരൻ വാങ്ങിയ ബിൽ ഈ ഓഫീസിൽ സൂക്ഷിക്കാത്തത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. ഇത് കാരണം ₹76,000 ന് അനുവദിച്ച 12% ജി എസ് ടി ₹9120 രണ്ട് തവണ നൽകാൻ സാധ്യതയുണ്ട്. അതിനാൽ ₹9120 ചെലവ് തടസ്സപ്പെടുത്തുന്നു. യു പി എസ് വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3- ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലോ ആസ്തി രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിന്റെ അടിസ്ഥാനത്തിലുള്ള രേഖപ്പെടുത്തലുകൾ വരുത്തി അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് .

അപാകങ്ങൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-27 ഭവന പുനരുദ്ധാരണം മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ വെള്ളോറ |
| പ്രോജക്ട് നമ്പർ/പേര് | 223/21 ഭവന പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | ₹16,50,000 വികസനഫണ്ട് (ജനറൽ) |
| ചെലവ് ₹16,50,000 | ₹4,00,000 25/28-10-2020<br>₹4,00,000 26/28-10-2020<br>₹1,50,000 31/15-01-2021<br>₹1,50,000 33/15-01-2021<br>₹2,50,000 36/25-01-2021<br>₹1,50,000 37/25-01-2021<br>₹1,50,000 57/30-03-**20** |

ഭവനപുനരുദ്ധാരണത്തിന് ₹50000 (ബിൽ നമ്പർ 26/28-10-2020) മുൻകൂർ ധനസഹായം ലഭിച്ച ചന്ദ്രമതി ടി വി എന്നവർ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം തുക പലിശ സഹിതം ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 16.11.21,17.11.21 | കെ.എസ്.എ/കെ.എൻ.ആർ/സി1/1367/2021<br>തീയതി 13.12.2021. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 807500 | നെൽകർഷകർക്ക് നെൽവിത്തും കൂലിച്ചെലവ് സബ്സിഡിയും, 47/21 | 807500 | 0 |
| | | 75000 | പച്ചക്കറിത്തൈകൾ വിതരണം, 49/21 | 75000 | 0 |
| | | 37500 | സുഭിക്ഷ കേരളം - തരിശ് നെൽക്കൃഷി, 198/21 | 37500 | 0 |
| | | 27200 | സുഭിക്ഷ കേരളം - കരനെൽകൃഷി ,199/21 | 27200 | 0 |
| | | 25500 | സുഭിക്ഷകേരളം- തരിശ് പച്ചക്കറി കൃഷി , 200/21 | 25500 | 0 |
| | | 200000 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന വാങ്ങൽ, 244/21 | 200000 | 0 |
| | | 513200 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ്സി- അഡിഷണൽ , 246/21 | 513200 | 0 |
| | | 404301 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ്ടി-അഡിഷണൽ,247/21 | 404301 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത, 65/21 | 200000 | 0 |
| | | 400000 | ക്ഷീരകർഷക സംഘങ്ങൾക്ക് പാലുല്പാദനത്തിന് ധനസഹായം, 16/21 | 400000 | 0 |
| | **ആകെ** | **2690201** | | **2690201** | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | സുഭിക്ഷ കേരളം കാർഷിക സ്വയം പര്യാപ്ത ഗ്രാമം (കിഴങ്ങ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വർഗം) , 201/21 | | |
| | | 75000 | സുഭിക്ഷ കേരളം - തരിശ് നെൽക്യഷി, 198/21 | 75000 | 0 |
| | | 51000 | സുഭിക്ഷ കേരളം- തരിശ് പച്ചക്കറിക്യഷി, 200/21 | 51000 | 0 |
| | | 50000 | സാന്ത്വനപരിചരണ പരിപാടി, 56/21 | 50000 | 0 |
| | | 1000000 | ക്ഷീരകർഷക സംഘങ്ങൾക്ക് പാലുല്പാദനത്തിന് ധനസഹായം, 16/21 | 1000000 | 0 |
| | | 18146 | കുളങ്ങളിൽ കരിമീൻ ക്യഷി 203/21 | 18146 | 0 |
| | | 13,00,000 | ആശ്രയ അഗതി പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം 168/21 | 13,00,000 | 0 |
| | **ആകെ** | **2694146** | | **2694146** | |

(1) ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ് സി) ,189/21- മുൻവർഷം ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 50000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

(2) ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്. ടി) , 190/21 – മുൻവർഷം ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 184062/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(3) കായപ്പൊയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (138/21) ജില്ലാ പഞ്ചായത്തിൽ നിന്നും മുൻവർഷം ലഭിച്ച തുകയിൽ നിന്നും 693057/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചു.

ബി 4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 1271531/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 13704138/- രൂപയും നീക്കിയിരിപ്പുണ്ട്. സംയുക്തപദ്ധതികൾക്കായി ലഭിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച സമയപരിധിക്കകം തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | മാതമംഗലം പൊതുശ്മശാനത്തിനു വേണ്ടി കെ.എസ്.ഇ.ബി.യിൽ അടവാക്കുന്ന തുക 9/21 | ബിൽ നം. 14/28.09.20 17/30.12.20 | 131947 4071 | -- 136018 | 2020-21 സാമ്പത്തിക വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 2 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പേരൂൽ ഒയോളം അംഗൻവാടി കുഴൽക്കിണർ 127/21 | 0296977/ 04.02.21. | 77000 | -- | 2020-21 സാമ്പത്തിക വർഷം വിനിയോഗ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ- കെയുആർ ഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ജി ഒ(എം എസ്) നം 68/18/ എൽ എസ് ജി ഡി/ തീയതി 18.05.18 | 10529249 (2018-19 ൽ എടുത്തത്- 56,44,800, 2019-20 ൽ എടുത്തത് 48,84,449) | .. | 97,20,425 | 8,63,177 | | 88,57,248 |
| | | ₹1,05,29,249 | | ₹97,20,425 | | .. | ₹88,57,248 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല. 25000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 25000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തുക | റിമാർക്സ് |
|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | തിയതി | | |
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ സൊസൈറ്റി ലിമിറ്റഡ് | 09.04.15 | 20000 | ബി ക്ലാസ് ഷെയർ – 2എണ്ണം- സർട്ടിഫിക്കറ്റ് നമ്പർ 4424 |
| 2 | കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 14.07.15. | 5000 | സർട്ടിഫിക്കറ്റ് നമ്പർ 0037 – ഡിക്ലാസ് ഷെയർ |
| | | ആകെ | ₹25000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09,09-10,10-11 | 3-2 | 5000 | ശ്രീ കെ കെ ജയകുമാർ,സെക്രട്ടറി | 120030400009/21.12.20 |
| | ആകെ | ₹5000 | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ റിക്കവറി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-89-1 | 2001-02 | 2-9 | സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ഗുരുതര അപാകങ്ങൾ | നഷ്ടമായ 20,595/- രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ ഡിസിആർജിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹8,21,69,976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹9,45,98,211 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹541892 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 36292 | ശ്രീമതി മിനി നാരായണൻ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 496480 | ശ്രീ . ശ്രീകുമാർ എം വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 9120 | ശ്രീ . ശ്രീകുമാർ എം വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹541892 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീകുമാർ എം വി, അസിസ്റ്റന്റ് എഞ്ചിനീയർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം, തായിനേരി, പയ്യന്നൂർ |
| ശ്രീമതി മിനി നാരായണൻ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ, കണ്ണൂർ | ഫ്ലാറ്റ് നമ്പർ 1എ, ഇല്ലീസിയം കോർട്ട്, കോഴിക്കോട് |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-20 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 10 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/ | 1 |

| | | |
|---|---|---|
| (പദ്ധതി) | സി 1-791/19 തീയതി 20.06.2019 | |
| 2001-02 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 3 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 4 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 3 |
| 2008-09,09-10,10-11 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 12 |
| 2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 8 |
| 2012-13,13-14 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 5 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 5 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി 1-791/19 തീയതി 20.06.2019 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി 1-226/ തീയതി 09.09.2019 | 7 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി1-265/20 തീയതി26.06.2020 | 21 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി1-1366/21 തീയതി 09.12.2021 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

### 1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Eramam-Kuttoor Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | |
| | For the period from 01-04-2020 to 31-03-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 40011865.09 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1384345.00 |
| 140000000 | Fees & User Charges | RP-4 | 2365141.00 |
| 150000000 | Sale & Hire Charges | RP-5 | 236276.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61537537.00 |
| 171000000 | Interest Earned | RP-9 | 603241.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8893970.00 |
| 350000000 | Other Liabilities | RP-36 | 190021.00 |
| | **Non Operating** | | |
| 180000000 | Other Income | | |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 48189.00 |
| 340000000 | Deposits Received | RP-34 | 710400.00 |
| 350000000 | Other Liabilities | RP-36 | 476954.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5430791.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 292976.00 |
| | **Grand total** | **122181841.09** | |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | | |
| 220000000 | Administrative Expenses | | |
| 230000000 | Operations & Maintenance | RP-13 | 893746.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5532527.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19962266.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 992027.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1493047.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 273440.00 |
| 255000000 | Maintenance Projects | RP-20 | 10911589.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 515600.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 65000.00 |
| 280000000 | Prior Period item | RP-26 | -74692.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 248150.00 |
| 350000000 | Other Liabilities | RP-36 | 5610678.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 872.00 |
| 311000000 | Earmarked Funds | RP-29 | 30000.00 |
| 340000000 | Deposits Received | RP-34 | 461787.00 |
| 350000000 | Other Liabilities | RP-36 | 2042269.00 |
| 410000000 | Fixed Assets | RP-38 | 18921493.00 |
| 412000000 | Capital work in Progress | RP-40 | 2279034.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19559991.00 |
| 460000000 | Loans, Advances and Deposits | RP-47 | 1813729.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 27583630.09 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **122181841.09** |

**2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്**

| | | | |
|---|---|---|---|
| | **Eramam Kuttoor Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-04-2020 to 31-03-2021 | | |
| Code.No. | Description of Items | Schedule No. | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5969747.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 728391.00 |
| 140000000 | Fee & User Charges | I-4(b) | 2676850.00 |
| 150000000 | Sale & Hire Charges | I-5(b) | 236276.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 182120129.00 |
| 171000000 | Interest Earned | I-8 | 603241.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 135.00 |
| | **Total Income** | | **192334769.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10307941.00 |
| 220000000 | Administrative Expenses | I-11(b) | 1404932.00 |
| 230000000 | Operations & Maintenance | I-12(b) | 893746.00 |
| 240000000 | Interest & Finance Charges | I-13 | 872.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7786723.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60572268.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1464999.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1517671.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 71872640.00 |
| 255000000 | Maintenance Projects | I-14(e) | 10911589.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 541080.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 65000.00 |
| 270000000 | Provisions and Write off | I-16 | 4590.00 |
| 272000000 | Depreciation | I-17(a) | 5454337.00 |
| | **Total Expenditure** | | **172798388.00** |
| | **Gross Surplus/ Deficit of income over Expenditure** | | **19536381.00** |
| 280000000 | Prior Period Item | I-18 | -696147.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **20232528.00** |

**3.ബാലൻസ് ഷീറ്റ്**

| Eramam Kuttoor Grama Panchayat<br><br>BALANCE SHEET as on 31-03-21021 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 50081880.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 36893.00 |
| 312000000 | Reserves | B-3 | 54200085.00 |
| | **Total Reserve & Surplus** | | **104318858.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12599757.59 |

| | | | |
|---|---|---|---|
| | **Total Grants, Contributions for Specific Purposes** | | **12599757.59** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8857248.00 |
| | **Total Loans** | | **8857248.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 605934.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3164299.00 |
| | **Total Current Liabilities and Provisions** | | **3770233.00** |
| | **TOTAL LIABILITIES** | | **129546097.09** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 119084298.00 |
| 411000000 | Accumulated Depreciation | B-11 | -40087438.00 |
| 412000000 | Capital Work in Progress | B-11(a) | 2279034.00 |
| | **Total Fixed Assets** | | **81275894.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 25000.00 |
| | **Total Investments** | | **25000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 19702357.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 27583630.09 |
| 460000000 | Loans, Advances and Deposits | B-18 | 959216.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **48245203.09** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **129546097.09** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ